# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *426** 15-11-2019-ൽ
മറുപടി നൽകേണ്ടത്

**വിദ്യാർത്ഥികളുടെ സംഘടിക്കാനുള്ള മൗലികാവകാശം**

ചോദ്യം | ഉത്തരം

**ശ്രീ. കെ.ഡി. പ്രസേനൻ**
**ശ്രീ. എ. എൻ. ഷംസീർ**
**ശ്രീ. പി.ടി.എ. റഹീം**
**ശ്രീ.ജോൺ ഫെർണാണ്ടസ്**
:
**ഡോ. കെ .ടി. ജലീൽ**
**(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | വിമർശനാത്മകമായി പ്രശ്നങ്ങളെ സമീപിക്കുന്നതിന് പ്രാപ്തിയും രാഷ്ട്രീയാവബോധവുമുള്ള യുവജനങ്ങളാണ് ബഹുസ്വര ജനാധിപത്യ രാഷ്ട്രത്തിന്റെ അടിത്തറയെന്നതുകൊണ്ട് സമാധാനപരമായി സംഘടിക്കാനുള്ള വിദ്യാർത്ഥികളുടെ മൗലികാവകാശം സംരക്ഷിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ; | എ) | നടപടിയെടുത്തിട്ടുണ്ട്. |
| ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | ബി) | ക്യാമ്പസ്സുകളിൽ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനും ഉതകുന്ന തരത്തിലുള്ള അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. എൻ.എസ്.എസ്/ എൻ.സി.സി എന്നീ സംവിധാനങ്ങളിലൂടെ വിദ്യാർത്ഥികളിൽ സാമൂഹ്യാവബോധം സൃഷ്ടിക്കുന്ന |

| | | | |
|---|---|---|---|
| | | | തരത്തിലുള്ള പ്രവർത്തനങ്ങൾ ക്യാമ്പസുകളിൽ നടന്നുവരുന്നുണ്ട്. ക്യാമ്പസ്സുകളിൽ നിർദ്ദേശാനുസരണമുള്ള ജനാധിപത്യ സമിതിയുടെ (സ്റ്റുഡന്റ്സ് യൂണിയൻ) രൂപീകരണവും പ്രവർത്തനങ്ങളും നടന്നു വരുന്നുണ്ട്. കൂടാതെ യുവജനങ്ങളിൽ സാമൂഹ്യ പ്രശ്നങ്ങളെ കുറിച്ചറിയാനും മനസിലാക്കാനുമുള്ള ആഗ്രഹം വളർത്തിയെടുക്കുന്നതിനും വിദ്യാർത്ഥികളിൽ ഗവേഷണ രംഗങ്ങളിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിനുമായി Nurturing Inquisitiveness programme (NIP) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിനാൽ സർക്കാർ കോളേജുകളിൽ നിന്ന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.<br>ഉന്നത വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനുമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽപ്പെടുന്ന കോളേജുകളിൽ ധാരാളം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ എഞ്ചിനിയറിംഗ്/ പോളിടെക്നിക്ക് കോളേജുകളിലെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് പ്രക്രിയ കലാലയങ്ങളിൽ ജനാധിപത്യ വൽക്കരണത്തിനും സാമൂഹ്യവൽക്കരണത്തിനും സഹായകരമാകുന്നുണ്ട്.<br>സർവ്വകലാശാലകളുടെ അക്കാദമികപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കുവാൻ ചുമതലപ്പെട്ട സമിതികളായ ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാദമിക് |

| | | | |
|---|---|---|---|
| | | | കൗൺസിൽ, റിസർച്ച് കൗൺസിൽ എന്നിവ വിദ്യാഭ്യാസ വിദഗ്ധർ ഉൾപ്പെടെയുള്ള സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരെ ഉൾപ്പെടുത്തി ജനാധിപത്യപരമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| **സി)** | സ്വാശ്രയകോളേജുകളും ഓട്ടോണമസ് കോളേജുകളും ഇന്റേണൽ മാർക്ക് എന്ന ഭീഷണി ഉയർത്തിയും അല്ലാതെയും നടത്തുന്ന വിദ്യാർത്ഥി പീഡനം അവസാനിപ്പിക്കാൻ ഇടപെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ? | **സി)** | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമർപ്പിച്ച ജസ്റ്റിസ് കെ.കെ.ദിനേശൻ കമ്മീഷൻ റിപ്പോർട്ടിൽ ഇന്റേണൽ മാർക്ക് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകളിൽമേൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**